പോലീസ് വകുപ്പ്

കേരളം

**No. G2-22456/2023/N**
ജില്ലാ പോലീസ് ഓഫീസ്,
പത്തനംതിട്ട
✉sppta.pol@kerala.gov.in
✆04682222630
തീയതി. 18-11-2024

**ലേല പരസ്യം**

പത്തനംതിട്ട ജില്ലയിലെ അടൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് സ്ഥിതി ചെയ്യുന്ന പഴയ പോലീസ് ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി സാധനസാമഗ്രികൾ കൊണ്ടു പോകുന്നതിന് **3.12.2024 തീയതി [ ചൊവ്വാഴ്ച ] രാവിലെ 11** മണിക്ക് **അടൂർ ഡി വൈ എസ് പി ഓഫീസ് പരിസരത്ത്** വച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിശ്ചിത നിരതദ്രവ്യമായ 3346/- ( മൂവായിരത്തി മുന്നൂറ്റി നാൽപ്പത്തി ആറ് രൂപ മാത്രം) ലേലസ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതും, കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിതനിരതദ്രവ്യ തുക പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ പേരിൽ അടച്ചതിൻറെ ഡിമാൻറ് ഡ്രാഫ്റ്റ് സഹിതം 01.12.2024 തീയതി [ ഞായറാഴ് ച ] വൈകിട്ട് 5 മണിവരെ അടൂർ പോലീസ് സ്റ്റേഷനിൽ സമർപ്പിക്കാവുന്നതുമാണ്. കൂടാതെ ദർഘാസ് അടങ്ങിയ കവറിന് പുറത്ത് "പോലീസ് ഡിപ്പാർട്ട്മെൻറ് വക ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി സാധനസാമഗ്രികൾ കൊണ്ടു പോകുന്നതിന് ലേലം ചെയ്യുന്നതിനുള്ള ദർഘാസ് " എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേലത്തിൽ പങ്കെടുക്കുന്നതിന് കൃത്യസമയത്ത് ഹാജരാകേണ്ടതാണ്. പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ, ദർഘാസിലോ ഏതിലാണോ തുക കൂടുതൽ വരുന്നത് ആയതിന് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതുമാണ്. ലേലം താൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേലതുകയുടെ പകുതിയും (നിരത ദ്രവ്യം കിഴിച്ച്) 18% GST യും ഉൾപ്പെടെ മുഴുവൻ തുകയും അടച്ച് രസീത് വാങ്ങേണ്ടതും ബാക്കി തുക, ലേലം സ്ഥിരപ്പെടുത്തിയുള്ള ഉത്തരവ് കിട്ടി ഏഴ് ദിവസത്തിനകം അടച്ച് കെട്ടിടം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം/ ദർഘാസ് സ്ഥിരപ്പെടുത്തിയ ആൾ ലേലനിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽകൂട്ടുന്നതും കെട്ടിടം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതല്ലാത്തതു മാണ് . മേൽ കെട്ടിടം പരിശോധിക്കണമെങ്കിൽ 01.12.2024 വരെയുള്ള ഏതെങ്കിലും പ്രവർത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെ അടൂർ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ മുൻകൂർ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലതീയതി മാറ്റിവയ്ക്കുന്നതിനോ ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അവകാശം / അധികാരം പത്തനംതിട്ട ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

ബിനു ആർ
അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്
For District Police Chief

G2-22456/2023/N

343fde

| | | |
|---|---|---|
| സ്വീകർത്താവ് | : | SDPO അടൂരിൻറെ അറിവിലേക്കും അനന്തര നടപടികൾക്കും |
| പകർപ്പ് | : | എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, വ്യാപക പരസ്യത്തിനായി, തിരുവനന്തപുരം ഗവ. പ്രസ്സ് സൂപ്രണ്ടിന് ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനായി ജില്ലാ ഇൻഫോർമേഷൻ ഓഫീസർ, പത്തനംതിട്ടയ്ക്ക് പത്രപരസ്യം ചെയ്യുന്നതിനായി. AC DHQ പത്തനംതിട്ട : ജില്ലാ ഇൻഫോർമേഷൻ ഓഫീസുമായി ബന്ധപെട്ട് പത്രപരസ്യം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് ജില്ലയിലെ എല്ലാ ഓഫീസർമാർക്കും: ലേലപരസ്യ നോട്ടിസ്, സ്റ്റേഷനിലെ നോട്ടിസ് ബോർഡിൽ പതിക്കേണ്ടതാണ് |